കേരളകൗമുദി

12 March 2019

## കടമക്കുടിക്കാർക്ക് സംരംഭകരാകാൻ

# കൂടുമത്സ്യക്കൃഷി

സ്വന്തം ലേഖകൻ



മത്സ്യകൃഷിയ്ക്ക് കൂട് നിർമ്മാണത്തിന് കടമക്കുടി നിവാസികൾക്ക് പരിശീലനം നൽകുന്നു

കൊച്ചി: കൂടുമത്സ്യ കൃഷിയിലൂടെ ചെറുകിട സംരംഭകരാകാൻ ഒരുങ്ങുകയാണ് കടമക്കുടി പഞ്ചായത്ത് നിവാസികൾ.

പെരിയാറാൽ ചുറ്റപ്പെട്ട കടമക്കുടിയിലെ തീരവാസികൾക്ക് അധികവരുമാനം ഉറപ്പ് നൽകുകയാണ് പദ്ധതി. കൃഷി ആരംഭിക്കാൻ കുറഞ്ഞ പലിശയ്ക്ക് വായ്പയും ലഭ്യമാക്കും.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ് (സി.എം.എഫ്.ആർ.ഐ). കോരാമ്പാടം സർവീസ് സഹകരണ ബാങ്കിന്റെ സഹകരണത്തോടെ പ്രദേശവാസികളെ കൂടുമത്സ്യ കൃഷി ചെയ്യാൻ പ്രേരിപ്പിക്കുന്നത്.

പ്രാഥമിക ഘട്ടത്തിൽ പഞ്ചായത്തിലെ 114 പേർക്ക് കൂട്കൃഷി ചെയ്യുന്നതിന് പരിശീലനം നൽകി.

കൂടുനിർമ്മാണം, കൃഷി ചെയ്യുന്ന സ്ഥലം നിർണയം, സാമ്പത്തിക ആസൂത്രണം, യോജിച്ച മത്സ്യക്കുഞ്ഞുങ്ങളെ കണ്ടെത്തൽ, പരിപാലനം, തീറ്റ നൽകൽ, വിളവെടുപ്പ്, വിപണനം തുടങ്ങിയ മേഖലകളിൽ മൂന്ന് ദിവസത്തെ പരിശീലനം നൽകി.

നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ (എൻ.എഫ്.ഡി.ബി) സഹായത്തോടെ സി.എം.എഫ്.ആർ.ഐ കഴിഞ്ഞ വർഷം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയുടെ ഭാഗമായാണ് കടമക്കുടിയിലും നടപ്പാക്കുന്നത്.

## കൈത്താങ്ങുമായി കോരമ്പാടം ബാങ്ക്

പരിശീലനം ലഭിച്ചവരിൽ നിന്ന് കൂടുമത്സ്യ കൃഷി തുടങ്ങുന്നവർക്ക് കുറഞ്ഞ പലിശ നിരക്കിൽ കോരമ്പാടം സർവീസ് സഹകരണ ബാങ്ക് വായ്പ നൽകും. കൃഷിയുടെ തുടക്കം മുതൽ വിളവെടുപ്പ് വരെ സി.എം.എഫ്.ആർ.ഐയുടെ സാങ്കേതിക സഹായവും കർഷകർക്ക് ലഭിക്കും. മോദ, കരിമീൻ, കാളാഞ്ചി, ചെമ്പല്ലി തുടങ്ങിയ മത്സ്യങ്ങളാണ് കൂടുകൃഷി ചെയ്യാൻ ഉപയോഗിക്കുക.

## ഇടനിലക്കാരെ ഒഴിവാക്കി വിപണനം

വിളവെടുക്കുന്ന മത്സ്യങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി വില്പന നടത്തുന്നതിനും കർഷകർക്ക് സാഹചര്യമൊരുക്കും.

ദേശീയ തലത്തിൽ 5000 പേർക്ക് കൂടുമത്സ്യ കൃഷിയിൽ പരിശീലനം നൽകുന്ന പദ്ധതി കഴിഞ്ഞ വർഷമാണ് ആരംഭിച്ചത്.

2500 പേർക്ക് ഇതിനകം പരിശീലനം നൽകിയതായി സി.എം.എഫ്.ആർ.ഐയിലെ മാരികൾച്ചർ വിഭാഗം മേധാവി ഡോ. ഇമൽഡ ജോസഫ് പറഞ്ഞു.

കേരളത്തിൽ മാത്രമായി 500 കൂടുകൃഷി യൂണിറ്റുകൾ സ്ഥാപിക്കുന്ന മറ്റൊരു പദ്ധതിയും എൻ.എഫ്.ഡി.ബിയുടെ പിന്തുണയോടെ നടപ്പാക്കി വരുന്നുണ്ട്.